KSACS

**Kerala State AIDS Control Society**
Red Cross Road
Thiruvananthapuram - 695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: info@ksacs.in

09/10/2009

# എച്ച്ഐവി അണുബാധിതരിൽ നിന്ന് പോസിറ്റീവ് സ്പീക്കർമാർ; പരിശീലനം നൽകി

തിരുവനന്തപുരം: സംസ്ഥാനത്തെ എച്ച്ഐവി അണുബാധിതരിൽ നിന്ന് പോസിറ്റീവ് സ്പീക്കർമാർക്ക് പരിശീലനം നൽകി. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി നടപ്പാക്കി വരുന്ന വിവിധ മേഖലകൾക്കു വേണ്ടിയുള്ള ബോധവത്ക്കരണ, ശാക്തീകരണ പരിപാടികളിൽ ക്ലാസെടുക്കുന്നവരാണ് പരിശീലനം ലഭിച്ച പോസിറ്റീവ് സ്പീക്കർമാർ.

ശില്പശാലകളിലും മറ്റു ബോധവത്ക്കരണ പരിപാടികളിലും ഇവർ എത്തുകയും എച്ച്ഐവി അണുബാധിതരായിക്കൊണ്ട് തന്നെ സമൂഹത്തിൽ ആരോഗ്യകരമായ കുടുംബ ജീവിതം നയിക്കാൻ കഴിയുന്നതിനെക്കുറിച്ചും എച്ച്ഐവി അണുബാധിതർക്ക് സർക്കാറിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ, എച്ച്ഐവി അണുബാധിതരായാൽ ചികിത്സ തേടേണ്ടതിന്റെ ആവശ്യകത എന്നിവയെക്കുറിച്ചും ഇവർ ക്ലാസുകൾ നയിക്കും. കൂടാതെ പൊതുജനങ്ങളിൽ എച്ച്ഐവി അണുബാധിതരോടുള്ള സാമൂഹ്യനിന്ദയും വിവേചനവും കുറയ്ക്കാനും ഇവരുടെ അനുഭവ സാക്ഷ്യങ്ങൾ സഹായിക്കാറുണ്ട്.

എച്ച്ഐവി അണുബാധിതർ തന്നെ നേരിട്ട് കാര്യങ്ങൾ പറയുമ്പോൾ സമൂഹത്തിൽ ഉണ്ടാകുന്ന ഗുണപരമായ മാറ്റങ്ങൾ മനസിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പോസിറ്റീവ് സ്പീക്കർമാരുടെ പട്ടിക തയ്യാറാകുന്നത്. ഓരോ വർഷവും പോസിറ്റീവ് സ്പീക്കർ പട്ടികയിലേക്ക് പരിഗണിക്കപ്പെടാൻ തയ്യാറാക്കുന്ന എച്ച്ഐവി അണുബാധിതരുടെ എണ്ണം വർധിക്കുകയാണ്. നിലവിലെ പട്ടികയിൽ 37 പേരാണുണ്ടായിരുന്നത്. പുതിയ പട്ടിക തയ്യാറാക്കുന്നതിനായി 33 പേർക്ക് പരിശീലനം നൽകിയെങ്കിലും അവരിൽ മികവ് പുലർത്തിയ 15 പേരെയാണ് പോസിറ്റീവ് സ്പീക്കർമാരായി തെരഞ്ഞെടുത്തത്.

കോവളം ലേ ട്രെയിനിംഗ് ആന്റ് യൂത്ത് സെന്ററിൽ നടന്ന ദിദ്വിന പരിശീലന പരിപാടിയിൽ എച്ച് ഐവിയെ കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ, പോസിറ്റീവ് സ്പീക്കിംഗ്, വ്യക്തിത്വ വികാസം, ഫലപ്രദമായ ആശയ വിനിമയം തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം നൽകിയത്. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ബോധവത്ക്കരണ വിഭാഗം ജോയിന്റ് ഡയറക്ടർ എസ്. അജയകുമാർ, മെയിൻസ്ട്രീമിംഗ് കൺസൾട്ടന്റ് ജി. സുനിൽകുമാർ, ജിപ്പാ കോഓഡിനേറ്റർ അഞ്ജന, ആലപ്പുഴ പുനർജനി പ്രോജകട് ടീം ലീഡർ എസ്. രാജീവൻ, സിപികെ പ്ലസ് പ്രസിഡന്റ് ജോസഫ് മാത്യു തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസെടുത്തു.

*ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.*

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**